കോ–ഓർഡിനേഷൻ കമ്മിറ്റി
കേരള ഗ്രാമീണ ബാങ്ക് എംപ്ലോയീസ് യൂണിയൻ &
കേരള ഗ്രാമീണ ബാങ്ക് ഓഫീസേഴ്സ് യൂണിയൻ
(Affiliated to AIRRBEA & BEFI)
സെൻട്രൽ ഓഫീസ്: ദിലീപ് മുഖർജി ഭവൻ, റിംഗ് റോഡ്, അപ്ഹിൽ, മലപ്പുറം 676 505
Email: kgbeumpm@gmail.com, visit:www.kgbeuou.com

സർക്കുലർ 24/2023

17.10.2023

# കരാർ ലംഘനത്തിനെതിരെ വീണ്ടും പ്രക്ഷോഭത്തിലേക്ക്

ഒരു വ്യക്തിക്ക് വേണ്ട ഏറ്റവും പ്രധാനപ്പെട്ട ഗുണങ്ങളിൽ ഒന്നാണ് പറഞ്ഞ വാക്ക് പാലിക്കുക എന്നത്. അതൊരു മനുഷ്യന്റേതായാലും, സ്ഥാപനത്തിന്റേതായാലും അന്തസ്സിന്റെ സൂചകമാണ്. ദൗർഭാഗ്യവശാൽ നമ്മുടെ പ്രിയപ്പെട്ട സ്ഥാപനത്തിന്റെ മാനേജ്മെന്റിന് അതില്ലാതായിപ്പോയി. ഇനി ഏതെങ്കിലും കാരണവശാൽ താൻ പറഞ്ഞ വാക്ക് പാലിക്കാൻ കഴിയാത്ത സാഹചര്യം വന്നാൽ, അതിന്റെ ബുദ്ധിമുട്ട് കാര്യ കാരണ സഹിതം ബോദ്ധ്യപ്പെടുത്താൻ ബന്ധപ്പെട്ടവർക്ക് കഴിയണം. അതിനുള്ള നിലവാരം പോലുമില്ലാതെ അധഃപതിച്ചു പോയ ഒരു മാനേജ്മെന്റാണ് KGB ക്കുള്ളത് എന്ന് പറയാൻ നമുക്ക് വിഷമമുണ്ടെങ്കിലും പറയാതെ വയ്യ! ഒപ്പിട്ട കരാറിന്റെ മഷി ഉണങ്ങിയിട്ട് കാലം കുറേ കഴിഞ്ഞു. പലതവണ നേരിട്ട് കണ്ട് കരാർ വ്യവസ്ഥകൾ പാലിക്കാൻ ആവശ്യപെട്ടു. കൃത്യമായ ഒരു മറുപടി പറയാതെ ഉത്തരവാദിത്തത്തിൽ നിന്നും ഒളിച്ചോടുന്ന ഭരണാധികാരികളെ നിലക്ക് നിർത്താൻ അഭിമാന ബോധമുള്ള തൊഴിലാളികളുടെ മുമ്പിൽ സമരമല്ലാതെ മറ്റു മാർഗങ്ങളില്ല!

നമ്മുടെ ബാങ്കിലെ ഇതര സംഘടനാ നേതൃത്വത്തോട് പ്രക്ഷോഭത്തിൽ അണി ചേരാനുള്ള നിർദേശം മുന്നോട്ട് വെച്ചിരുന്നു (സംയുക്ത സമരസമിതിയിൽ നിന്നും തൊഴിലാളികളെ വഞ്ചിച്ച് തുടക്കത്തിൽ ത്തന്നെ ഇറങ്ങിപ്പോയവരോടൊഴികെ). നാം ഉയർത്തുന്ന ആവശ്യങ്ങളെല്ലാം കാര്യമാത്രപ്രസക്തമാണെന്ന് അവരെല്ലാം അംഗീകരിക്കുന്നു. നാം പ്രക്ഷോഭവുമായി മുന്നോട്ട് പോകുന്ന സാഹചര്യത്തിൽ അവർ സഹകരിക്കാൻ തയ്യാറാകുമെന്നാണ് നമ്മുടെ പ്രതീക്ഷയും അവരിൽ നിന്നുള്ള പ്രതികരണവും. പ്രക്ഷോഭത്തിന്റെ ആദ്യഘട്ടം എന്ന നിലയിൽ 2023 ഒക്ടോബർ 31 ന് HO ധർണ്ണയാണ് നാം തീരുമാനിച്ചിരിക്കുന്നത്. ഒൻപത് ഡിമാന്റുകൾ ഉന്നയിച്ചു കൊണ്ടുള്ള പ്രക്ഷോഭ നോട്ടീസ് ഒക്ടോബർ 7 ന് ചെയർമാന് നൽകിയിട്ടുണ്ട്.

**<u>ഡിമാന്റുകൾ</u>**

1) താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുക
2) 29 OATD മാർക്ക് അനുകൂലമായി വന്ന കോടതി വിധി എത്രയും പെട്ടെന്ന് നടപ്പിലാക്കുക
3) മിത്രാ കമ്മിറ്റി റിപ്പോർട്ട് പ്രകാരമുള്ള വേക്കൻസികളിലേക്ക് നിയമനം നടത്തുക
4) മുഴുവൻ കേഡറുകളിലേക്കും പ്രമോഷൻ ഉടൻ നടത്തുക
5) BC നിയമനം പിൻവലിക്കുക
6) റിക്കവറി ഏജന്റുമാരെ പിൻവലിക്കുക
7) അശാസ്ത്രീയമായി അക്കൗണ്ടബിലിറ്റി ചുമത്തുന്ന നടപടി പിൻവലിക്കുക
8) പ്രഖ്യാപിച്ച മുഴുവൻ വേക്കൻസികളും നികത്താൻ ആവശ്യമായ നടപടി സ്വീകരിക്കുക
9) കൃത്യമായ ഇടവേളകളിൽ ജോയിന്റ് കോൺഫറൻസ് നടത്തുക

പല ഘട്ടങ്ങളിലായി മാനേജ്മെന്റ് അംഗീകരിച്ചതാണ് താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച്. കേരളത്തിലെ മന്ത്രിമാരുടെ മധ്യസ്ഥതയിൽ ഒപ്പിട്ട കരാർ പോലും നഗ്നമായി

ലംഘിച്ചിരിക്കുന്നു. നിരവധി കോടതികളിൽ നിന്നും അനുകൂലമായ വിധികൾ വന്നിട്ട് പോലും, വർഷങ്ങളായി ചൂഷണത്തിന് വിധേയരായ നിത്യക്കൂലിക്കാരെ സ്ഥിരപ്പെടുത്താത്തത് കടുത്ത അനീതിയാണ്. ഇനിയും ഈ അനീതി തുടരാൻ അനുവദിച്ചു കൂടാ!

കോടതിയിൽ നിന്നും അനുകൂല വിധി വന്നിട്ടും 29 OATD മാർക്ക് ആനുകൂല്യങ്ങൾ നിഷേധിക്കാൻ കോടതിയിൽ അപ്പീൽ പോയവരുടെ മനുഷ്യത്വം മരവിച്ചു പോയോ? സംഘടനയ്ക്ക് പല തവണ ഉറപ്പു നൽകിയിട്ടും ഈ പ്രശ്നത്തിൽ മാനേജ്മെന്റ് കൈക്കൊണ്ട നടപടികൾ ഒരിക്കലും അംഗീകരിക്കാൻ കഴിയില്ല. മാത്രവുമല്ല, ബാങ്കിന്റെ ഉന്നമനത്തിന് കൈമെയ് മറന്ന് പ്രവർത്തിക്കുന്ന 29 OATD മാർക്ക് അനുകൂലമായ വിധി വന്ന് ഒരു വർഷം ആകാറായിട്ടും ആ വിധി നടപ്പിലാക്കാൻ കൂട്ടാക്കാത്ത മാനേജ്മെന്റ്, ജീവനക്കാരോട് തങ്ങളുടെ നിലപാട് പ്രഖ്യാപിക്കുക കൂടിയാണ് ഇത് വഴി ചെയ്യുന്നത്.

നമ്മുടെ ബാങ്കിൽ നിയമന നടപടികൾ പുരോഗമിക്കുകയാണ്. എന്നാൽ, വേക്കൻസികൾ വലുതാണെന്ന് നമുക്ക് പ്രത്യക്ഷത്തിൽ തോന്നുമെങ്കിലും മിത്രാക്കമ്മറ്റി നിർദ്ദേശിച്ചതിനേക്കാൾ വളരെ കുറവാണ്. ശാഖകളിലും അഡ്മിനിസ്ട്രേറ്റീവ് ഓഫീസുകളിലും വലിയ സ്റ്റാഫ് ഷോർട്ടേജ് അനുഭവിക്കുമ്പോൾ, നിയമപ്രകാരം ആവശ്യമായ റിക്രൂട്ട്മെന്റ് നടക്കാത്തത് ബാങ്കിന്റെ മുന്നോട്ട് പോക്കിനെ പ്രതികൂലമായി ബാധിച്ചുകൊണ്ടിരിക്കുന്നു. മിത്രാ കമ്മിറ്റിപ്രകാരമുള്ള വേക്കൻസികൾ പ്രഖ്യാപിച്ച് റിക്രൂട്ട്മെന്റ് നടപടികൾ ഉടൻ ആരംഭിക്കുമെന്നാണ് രേഖാമൂലം നമുക്ക് ലഭിച്ച ഉറപ്പ്. അത് ഏത് വിധേനയും പാലിക്കാൻ മാനേജ്മെന്റ് ബാധ്യസ്ഥരാണ്.

സാമ്പത്തിക വർഷം അവസാനിച്ചാൽ  ഉടൻ തന്നെ നടക്കേണ്ട പ്രമോഷൻ നടപടികൾ ഇത് വരെ തുടങ്ങിയിട്ടില്ല. ഉടൻ തന്നെ എല്ലാ കേഡറുകളിലേക്കുമുള്ള പ്രമോഷൻ നടപടികൾ ആരംഭിക്കണം. അത് എല്ലാ വർഷവും സമയബന്ധിതമായി നടക്കും എന്ന് ഉറപ്പാക്കേണ്ടത് മാനേജ്മെന്റിന്റെ ബാധ്യതയാണ്. എന്നാൽ തങ്ങൾക്ക് അർഹതപ്പെട്ട പ്രമോഷൻ കൃത്യമായി നേടിയെടുക്കുന്ന മാനേജ്മെന്റ് പ്രതിനിധികൾ കെ.ജി.ബി ജീവനക്കാരോട് കാണിക്കുന്നത് കടുത്ത അനീതിയാണ്.

Out sourcing ന്റെ വിവിധ  രൂപങ്ങളായ BC, Recovery agents എന്നിവയുടെ നിയമനങ്ങൾ പൂർണമായും അവസാനിപ്പിക്കണം എന്ന ഡിമാന്റും നാം മുന്നോട്ട് വെക്കുന്നു. ജീവനക്കാർ ചെയ്യേണ്ടുന്ന ജോലികൾ ചുരുങ്ങിയ ചെലവിൽ  Out source ചെയ്ത്  ഭാവിയിലെ നിയമനങ്ങൾ ഇല്ലാതാക്കാനുള്ള ഈ ശ്രമങ്ങളെ നമുക്ക് അംഗീകരിക്കാൻ കഴിയില്ല. മാത്രവുമല്ല, സംഘടിതമായ വിലപേശൽ ശേഷിയെ ഇല്ലാതാക്കാനും തൊഴിലാളികളെ ചൂഷണം ചെയ്യാനുമുള്ള ഉപാധിയാണ് out sourcing. ഇതിന്റെ പിറകിൽ നടക്കുന്ന തട്ടിപ്പും വലിയ ഭീഷണി ഉളവാക്കുന്നു. വർത്തമാന കാല ബാങ്കിംഗ് അനുഭവങ്ങൾ നമ്മെ അത് കൃത്യമായി ബോധ്യപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. ആയതിനാൽ ഇത്തരം നടപടികൾ ഉടൻ അവസാനിപ്പിക്കണം.

ചെറിയ കാര്യങ്ങൾക്ക് പോലും Accountability fix ചെയ്യുന്നത് ബാങ്കിന്റെ വളർച്ചയെ മുരടിപ്പിക്കും. പുതിയ Accountability policy  സംബന്ധിച്ച് ജീവനക്കാർക്കിടയിൽ വലിയ തോതിലുള്ള ഭയം കടന്ന് വന്നിരിക്കുന്നതിന്റെ പ്രധാനകാരണവും അശാസ്ത്രീയമായി ആക്കൗണ്ടബിലിറ്റി ചുമത്തുന്ന മാനേജ്മെന്റ് നടപടിയാണ്. ഇത് ഏതുവിധേനയും ഒഴിവാക്കപ്പെടേണ്ടതാണ്. അക്കൗണ്ടബിലിറ്റി ചുമത്തി ജീവനക്കാരിൽ നിന്നും പിടിച്ചെടുക്കുന്ന തുക കമ്മീഷൻ അക്കൗണ്ടിലേക്ക് വരവ് വെക്കാനുള്ള മാനേജ്മെന്റ് തീരുമാനം ഒരുകാരണവശാലും അംഗീകരിക്കാൻ കഴിയില്ല.

നിലവിൽ നടക്കുന്ന നിയമനരീതിയിലെ അപാകത, നാം പ്രഖ്യാപിച്ച വേക്കൻസികളിലേക്ക് ആളുകളുടെ കടന്നുവരവിനെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. പ്രഖ്യാപിക്കപ്പെട്ട മുഴുവൻ ഒഴിവുകളിലും ആളുകൾ ജോയിൻ ചെയ്യാൻ തക്കവണ്ണം റിക്രൂട്ട്മെന്റ് പ്രോസസ്സിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി, പ്രഖ്യാപിക്കപ്പെട്ട മുഴുവൻ വേക്കൻസികളും നികത്തണം എന്നും നാം ആവശ്യപ്പെടുന്നു.

karline29.deviantart

ബാങ്കിന്റേയും, ജീവനക്കാരുടേയും പ്രശ്നങ്ങൾ ചർച്ച ചെയ്യാനുള്ള, അംഗീകൃത സംഘടനകൾക്ക് അവകാശപ്പെട്ട ഫോറമാണ് ജോയിന്റ് കോൺഫറൻസ്. ഇവ കൃത്യമായ ഇടവേളകളിൽ നടത്തി വ്യാവസായിക ബന്ധം നല്ല രീതിയിൽ നിലനിർത്തേണ്ട മാനേജ്മെന്റ് അതിൽ നിന്നും പിൻമാറി പോകുന്ന പ്രവണത അവസാനിപ്പിച്ച് ഉടൻ തന്നെ ജോയിന്റ് കോൺഫറൻസ് വിളിച്ചു ചേർക്കണം. മൂന്നുമാസം കൂടുമ്പോൾ കൃത്യമായി നടത്തണം. അതിൽ നിന്ന് ഒളിച്ചോടുന്ന നടപടി ജീവനക്കാരോടുള്ള വെല്ലുവിളിയായേ നമുക്ക് കാണാനാവൂ. ഇത് അംഗീകരിക്കാനാവില്ല.

ഈ സ്ഥാപനത്തിന്റെ വലിയ തോതിലുള്ള വളർച്ച ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന ഈ ബാങ്കിലെ അംഗീകൃത/ ഭൂരിപക്ഷ സംഘടനകളോട് തികച്ചും നിരുത്തരവാദിത്ത സമീപനം കൈക്കൊള്ളുന്ന മാനേജ്മെന്റിനെ തിരുത്തിക്കാൻ പ്രക്ഷോഭമല്ലാതെ മറ്റു മാർഗങ്ങളില്ലെന്ന ബോധ്യം ഉൾക്കൊണ്ട് ബ്രാഞ്ച് പ്രവർത്തിക്കാൻ ആവശ്യമായ ജീവനക്കാർ മാത്രം ബാങ്കിൽ നിന്ന്, ബാക്കിയുള്ള മുഴുവൻ സഖാക്കളും ഒക്ടോബർ 31 ന് മലപ്പുറം HO യിലെ സമര കേന്ദ്രത്തിൽ എത്തിച്ചേർന്ന് അന്നത്തെ ധർണ്ണാ സമരം വിജയിപ്പിക്കണം എന്നഭ്യർത്ഥിക്കുന്നു.

**അഭിവാദനങ്ങളോടെ**

**ബിഗേഷ് ഉണ്ണിയൻ**
ജനറൽ സെക്രട്ടറി
KGBEU, 9895710203

**രാജേഷ് പി.**
ജനറൽ സെക്രട്ടറി
KGBOU, 9847407673

karline29.deviantart